10184
41 7116

കേരള സർക്കാർ

സംഗ്രഹം

മഇവ – കേരള തീരത്തിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന അന്യസംസ്ഥാന ബോട്ടുടമകളിൽ നിന്നു ഈടാക്കുന്ന യൂസർ ഫീ ഒരു വർഷത്തേയ്ക്ക് 25000/-രൂപയാക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

============================================================================

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

സ.ഉ.(കൈ)നം.15/16/മഇവ. തിരുവനന്തപുരം, തീയതി 02.07.2016

============================================================================

പരാമർശം :- 1) 09.08.12 ലെ സ.ഉ.(കൈ) 66/12/മഇവ നമ്പർ ഉത്തരവ്.

2) 08.07.13 ലെ സ.ഉ.(കൈ) 45/13/മഇവ. നം. ഉത്തരവ്.

3) ഫിഷറീസ് ഡയറക്ടറുടെ 11.03.16 ലെ കെ3/25145/11(1) നം. കത്ത്.

## ഉത്തരവ്

അന്യസംസ്ഥാനങ്ങളിൽ നിന്നും കേരള തീരത്തിൽ മത്സ്യബന്ധനം നടത്തുന്ന ബോട്ടുടമകളിൽ നിന്നും 3 മാസത്തേയ്ക്ക് 15,000 രൂപ യൂസർഫീയായി ഈടാക്കേണ്ടതാണെന്ന് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി 3 മാസത്തേയ്ക്ക് 10,000/- എന്ന ക്രമത്തിൽ നിജപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ടി ഉത്തരവ് പ്രകാരം അന്യസംസ്ഥാന ബോട്ടുടമകൾ മൂന്ന് മാസം കൂടുമ്പോൾ 10,000/- രൂപ അടയ്ക്കേണ്ടതാണെങ്കിലും മിക്കവാറും ബോട്ടുടമകൾ വർഷത്തിൽ ഒരിക്കൽ മാത്രമേ യൂസർഫീ നൽകുന്നുള്ളൂ എന്നും ആയതിനാൽ യൂസർഫീ ഒരു വർഷത്തേയ്ക്ക് 25,000/- രൂപയായി നിജപ്പെടുത്തിയാൽ ഒരു ഏകീകൃത സ്വഭാവം കൈവരികയും ടി വരുമാനം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനും ക്ഷേമപദ്ധതികളും മത്സ്യബോർഡിന്റെ പ്രവർത്തനങ്ങളും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും സാധിക്കുമെന്ന് പരാമർശം (3) പ്രകാരം ഫിഷറീസ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പുസാമ്പത്തിക വർഷം മുതൽ കേരള തീരത്ത് മത്സ്യബന്ധനം നടത്തുന്ന അന്യസംസ്ഥാന ബോട്ടുടമകളിൽ നിന്നും മൂന്നുമാസത്തേയ്ക്ക് ഈടാക്കുന്ന യൂസർഫീ പരാമർശം രണ്ടിലെ ഉത്തരവിൽ പ്രസ്താവിച്ചിരുന്ന 10,000/- രൂപയിൽനിന്നും ഒരു വർഷത്തേയ്ക്ക് 25,000/ രൂപ എന്ന ക്രമത്തിൽ നിശ്ചയിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജെയിംസ് വർഗ്ഗീസ്**

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, പൂങ്കുന്നം പി.ഒ., തൃശ്ശൂർ.

മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (UO(N) No. 147/PU-C4/15/fin തീയതി 19.05.16)

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം.

സെക്രട്ടറി, നിയമസഭാ സെക്രട്ടറിയറ്റ്, തിരുവനന്തപുരം.

കരുതൽ ഫയൽ /ഓഫീസ് കോപ്പി./ഓഫീസ് സൂപ്രണ്ട്, ഫിഷറീസ് വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ